# നിറക്കൂട്ട്



# Editorial Board

## Staff Editors



Sancy P J



Swapna James

## Student Editors



Fathima Safna E P



Angel Anna



Varunkumar V



Devikrishna



Fathimathul Farhana



Muhammed Sahel K M

# മുഖമൊഴി

ചരിത്രം ഒരിക്കലും തിരുത്തപ്പെടാനുള്ളതല്ല
അത് രേഖപ്പെടുത്തപ്പെട്ടവയാണ് ആ
താളുകൾ മറിച്ചു നോക്കുമ്പോൾ
പ്രകാശമണിഞ്ഞ പൊൻ കിരീടവുമായി
ഈ ഡിജിറ്റൽ മാഗസിനിൽ പ്രവർത്തിച്ച
വിദ്യാർത്ഥികൾ ശിരസ്സുയർത്തി
നിൽക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

വിദ്യാർത്ഥികളുടെ തൂലികത്തുമ്പിൽ
നിന്നും ഉതിർന്ന ജ്വലിക്കുന്ന അക്ഷരങ്ങൾ
തുഷാര കണങ്ങൾ പോലെ വീണ്
ഉടലെടുത്തതാണ് " നിറക്കൂട്ട് ".
അക്ഷരങ്ങൾക്ക് ഒരിക്കലും മരണമില്ല
ഓരോ വിദ്യാർത്ഥികളും അവരുടേതായ
സർഗ്ഗസൃഷ്ടികൾ വെള്ള കടലാസിലേക്ക്
കോറി വരച്ചിട്ടതാണ് " നിറക്കൂട്ട് ".

ഈ
മാഗസിന്റെ പൂർത്തീകരണത്തിനായി
സഹായിച്ച എല്ലാ എഡിറ്റോറിയൽ
ബോർഡ് അംഗങ്ങൾക്കും
അധ്യാപകർക്കും വിദ്യാർത്ഥികൾക്കും
സർവ്വോപരി ദൈവത്തിനും
നന്ദിയർപ്പിച്ചുകൊണ്ട് സർഗസൃഷ്ടികൾ
കോർത്തിണക്കി രചിച്ച
" നിറക്കൂട്ട് " നിങ്ങളുടെ മുന്നിലേക്ക്
സമർപ്പിക്കുന്നു......

എയ്ഞ്ചൽ അന്ന
ചീഫ് എഡിറ്റർ

# ആശംസ

ഫാദർ ജി.കെ.എം ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് അംഗങ്ങൾ പുറത്തിറക്കുന്ന "നിറക്കൂട്ട് " എന്ന ഡിജിറ്റൽ മാഗസിന് ആശംസകൾ.



കേരളത്തിലെ എയിഡഡ് സ്കൂളുകളിൽ നിന്ന് ഒരു ലക്ഷത്തോളം കുട്ടികൾ "ലിറ്റിൽ കൈറ്റ്സ് " ക്ലബ്ബുകളിൽ അംഗങ്ങളാണ്. കുട്ടികളിൽ ഡിജിറ്റൽ ലോകത്തിന്റെ അത്ഭുത പ്രതിഭാസങ്ങൾ, അന്വേഷണത്തിന്റെ കുതൂഹലങ്ങൾ ജനിപ്പിച്ച് അറിവിന്റെ മാസ്മരിക ലോകത്തേക്ക് കൈപിടിച്ചുയർത്തുന്നു.

സൈബർ യുഗത്തിൽ സാങ്കേതികതയുടെ ഗുണഫലങ്ങൾ സമൂഹത്തിലേക്ക് പകർന്നു നൽകാൻ കഴിയുന്ന ബൃഹത് പദ്ധതികൾക്ക് തുടക്കം കുറിക്കാൻ കഴിയട്ടെ. സൈബർ സുരക്ഷയുടെ സംരക്ഷണ വലയത്തിൽ നിന്നുകൊണ്ട് ആധുനിക മാധ്യമ വിചാരങ്ങൾ നടക്കേണ്ടതുണ്ട്. കുരുന്നു മനസ്സുകളിൽ ഡിജിറ്റൽ ലോകത്തിന്റെ ചക്രവാളങ്ങൾ തുറക്കുവാൻ ഈ സംരക്ഷണങ്ങൾക്ക് കഴിയട്ടെ .

കാലത്തിന്റെ കാലൊച്ചകൾക്ക് കാതോർത്ത്, കാലുഷ്യത്തിന്റെ കപടതകളിൽ കെടാവിളക്കായി, കർമ്മപഥങ്ങളിൽ കാലിടറാതെ, സമൃദ്ധിയുടെ സുദിനങ്ങൾക്ക് സർഗ്ഗാത്മകതയുടെ സാഫല്യം ചാർത്തി, 'നിറക്കൂട്ട്' സർഗ്ഗപ്രതിഭകളെ വാർത്തെടുക്കുകയാണ്. ആഴക്കടലിൽ നിന്നും നേടിയെടുത്ത നിരവധി വിലയേറിയ മുത്തുച്ചിപ്പികളും രത്നകല്ലുകളും ഇവിടെ കഥയായി...... കവിതയായി..... അനുഭവങ്ങളായി ...... കോർത്തിണക്കിയിരിക്കുകയാണ്.

" നിറക്കൂട്ടി " ന്റെ അണിയറ ശില്പികൾക്ക് അഭിനന്ദനങ്ങൾ.... ആശംസകൾ....

ഫാ. സോണി വാഴക്കാട്ട്
സ്കൂൾ മാനേജർ

# ആശംസ

പ്രിയപ്പെട്ട ജി.കെ.എം 'നിറക്കൂട്ട് ' ടീം



വിരൽ തുമ്പിൽ വിസ്മയം വിരിപ്പിക്കുന്ന ഈ കാലഘട്ടത്തിൽ സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ കൊണ്ട് വരയായും കഥയായും കവിതയായും നിങ്ങൾ രൂപപ്പെടുത്തിയ 'നിറക്കൂട്ടിന്' എന്റെ എല്ലാവിധ ആശംസകളും.

നിങ്ങളുടെ ഈ സംരംഭം നിങ്ങളുടെ സർഗാത്മകതയും ഭാവനയും പ്രകടിപ്പിക്കാനുള്ള വേദി നല്കുമെന്ന് ഉറച്ച് വിശ്വസിക്കുന്നു.

വിശ്വ പ്രപഞ്ചത്തെ കൈ വെള്ളയിൽ ഒതുക്കുന്ന ഐ. ടി മേഖലയിൽ ഉയരങ്ങളെ കീഴടക്കാൻ നിങ്ങൾക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹത്തോടെ..........

സി. റോയ്സ് അബ്രഹാം

ഹെഡ്മിസ്ട്രസ്സ്

# ആശംസകൾ

ബാല്യ കൗമാരത്തിലെ ഭാവനകൾ അതിരില്ലാത്തതാണ്. മുൻവിളികളില്ലാതെ സാങ്കൽപ്പിക ലോകത്തിൽ ചിറകടിച്ചുയയരാൻ ലഭിക്കുന്ന ഒരു സുവർണ്ണ കാലഘട്ടം. അത്തരമൊരു അവസരം പ്രയോജനപ്പെടുത്തിയ രചയിതാക്കൾക്ക് അഭിനന്ദനം. വാക്കുകളും വരകളും വർണ്ണങ്ങളും നിറഞ്ഞ ഈ ഡിജിറ്റൽ മാഗസിൻ എവരെയും ആനന്ദിപ്പിക്കട്ടെ. പിന്നാലെ വരുന്നവർക്ക് പ്രയോജനവും വെളിച്ചവുമാകട്ടെ ....................

ആശംസകൾ................



**റോഷ്നി പി ജി**

# എന്റെ വിദ്യാലയം



വയനാട് ജില്ലയിലെ മാനന്തവാടി ഉപജില്ലയിൽ കണിയാരം എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന സീറോ മലബാർ സഭയുടെ അധീനതയിലുള്ള മാനന്തവാടി രൂപതയിലെ, വിദ്യാഭ്യാസ ഏജൻസിയായ കോർപ്പറേറ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനമാണ് ഫാ.ജി.കെ.എം ഹൈസ്കൂൾ കണിയാരം.

വയനാട്ടിലെ കുടിയേറ്റ ജനതയുടെ പിതാവ് എന്നറിയപ്പെടുന്ന ബഹുമാനപ്പെട്ട ഫാ. ജോർജ്ജ് കഴിക്കച്ചാലിൽ അച്ചൻ 1954 ൽ കണിയാരം സെന്റ്. ജോസഫ്സ് ഇടവകയ്ക്ക് രൂപം നൽകുകയും വി. ചാവറയച്ചന്റെ "പള്ളിയോടൊപ്പം പള്ളിക്കൂടം" എന്ന ആശയം ഉൾക്കൊണ്ട് കൊണ്ട് ഇടവകയോട് ചേർന്ന് ഹൈസ്കൂളിനു വേണ്ടി അക്ഷീണം പ്രയത്നിക്കുകയും ചെയ്തു. ഈ അവസരത്തിലാണ് ആകസ്മികമായ അദ്ദേഹത്തിന്റെ വേർപാട്. ബഹുമാനപ്പെട്ട ജോർജ്ജച്ചന്റെ സന്തത സഹചാരിയായിരുന്ന ഫാ.ജെയിംസ് കുളത്തിനാൽ അച്ചൻ കണിയാരം ഇടവകയുടെ സാരഥി ആയപ്പോൾ ഹൈസ്കൂളിന് അനുവാദം വാങ്ങുകയും അദ്ദേഹം 1982 ജൂലൈ 6 ന് ജോർജച്ചനോടുള്ള ബഹുമാനാർത്ഥം ഫാ.ജോർജ് കഴിക്കച്ചാൽ മെമ്മോറിയൽ ഹൈസ്കൂൾ സ്ഥാപിക്കുകയും ചെയ്തു.

3 ഡിവിഷനുകളിലായി 105 വിദ്യാത്ഥികളുമായാണ് ഫാ.ജി.കെ.എം. ഹൈസ്കൂൾ അക്കാദമിക പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. മാനന്തവാടി രൂപതാ മെത്രാൻ ആയിരുന്ന അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴിയാണ് ഈ സ്ഥാപനത്തിന്റെ ഉദ്ഘാടനം ഔദ്യോഗികമായി നിർവ്വഹിച്ചത്. ആദ്യകാല സ്കൂൾ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചത് സ്കൂളിന്റെ ആദ്യ ലോക്കൽ മാനേജരായിരുന്ന ഫാ.ജെയിംസ് കുളത്തിനാലും ഹെഡ് മാസ്റ്റർ ഇൻചാർജായിരുന്ന സി. എ.ജെ. മേരിയുടെ നേതൃത്വത്തിലുള്ള ഏഴംഗ സ്റ്റാഫുമായിരുന്നു. തുടർന്ന് ശ്രീ. ജോർജ് കാരിക്കുഴി പ്രഥമ പ്രധാന അധ്യാപകനായി ചാർജെടുക്കുകയും സേവനമനുഷ്ഠിക്കും ചെയ്തിരുന്നു.

ബഹുമാനപ്പെട്ട മാനേജരച്ചന്മാരുടെയും പ്രധാനാധ്യാപകരുടെയും നേതൃത്വത്തിൽ 40 വർഷം പൂർത്തിയായ ഫാ. ജി. കെ.എം. ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂളായി ഉയർത്തപ്പെടുകയും ഉന്നത നിലവാരം പുലർത്തുന്ന വിദ്യാലയങ്ങളിൽ ഇടം നേടുകയും ചെയ്തു.

ഇപ്പോൾ എട്ട്, ഒൻപത്, പത്ത് ക്ലാസ്സുകളിലായി 1167 വിദ്യാർത്ഥികളുമായി ബഹുമാനപ്പെട്ട സ്കൂൾ മാനേജർ ഫാ. സോണി വാഴക്കാട്ടിന്റെയും പ്രധാനാധ്യാപിക സി. റോയ്സിന്റെയും നേതൃത്വത്തിൽ സ്കൂൾ ഊർജ്ജസ്വലമായി പ്രവർത്തിക്കുന്നു.

--- Fathima Safna E P



*Varunkumar V*

# കുടുംബം

ആദ്യമായ് കണ്ടൊരു ദേവാലയം
ആദ്യം പഠിച്ചൊരു വിദ്യാലയം
കുടുംബത്തിൽ നമ്മുടെ അമ്മയല്ലേ..
അതിൽ താങ്ങായിനിൽക്കുമൊരച്ചൻണ്ട്

കരുണയും സ്നേഹവും നിറയുംഭവനത്തിൽ
കരുണാർദ്രഹൃദയങ്ങൾ  പൂവിടുന്നു.
നന്മയും തിന്മയും വേർതിരിച്ചീടുവാൻ
നല്ലപാഠങ്ങൾ പടിച്ചീടേണം.

സത്യവും നീതിയുമെന്നും പുലരുവാൻ
സത്യമാം ദൈവത്തെ തേടീടേണം
അന്യന്റെ വേദനയുള്ളാലറിഞ്ഞീടിൽ
ഉള്ളിലെ ദൈവത്തെ കാൺമതല്ലോ.

നന്മകൾ നിറയും നല്ല വെളിച്ചം
നിർലോഭം തെളിയേണമെന്നുംമെന്നും
അതിൽ നിന്നു പകർന്നൊരു
തിരിനാളം പോലെ നാം
നാടിനു പൊൻ പ്രഭയേകിടേണം

---Sandra



# സ്വപ്നം

സ്വപ്നങ്ങളുടെ ഭാണ്ഡക്കെട്ടഴിച്ചപ്പോൾ,
എനിക്കൊരു പൊൻതൂവൽ കൈയ്യിലുടക്കി;
എന്നോ നെയ്ത്ത് കൂട്ടിയ സ്വപ്നം
ഇന്നുമൊരു പൊൻതൂവലായി,
പ്രഭ ചൊരിയാതെ നിലകൊള്ളുന്നു.
സ്വപ്നമേ! നിന്നെയാരും കാണാതെ;
ആ ഭാണ്ഡക്കെട്ടിനള്ളിൽ വീണ്ടുമൊളിപ്പിച്ചോട്ടേ?
ഇനിയുമതേ പ്രൗഢിയിൽ നിലനിൽക്കാൻ.

Angel Mariya Johny



# മഴനൂൽ കിനാവുകൾ




മധുരമീ പുതുമഴ പുലരിയെ
പുൽകുന്നു .
പൂമഴ തേൻ മഴ കുളിർമഴയായി.
കുന്നുകനെ ഉതിരുന്ന തൂമഴ
തുള്ളികൾ തളിരിലും പൂവിലും
മുത്തമിട്ടു.
പൊള്ളുന്ന രാവിൻറെ
നെറുകയിൽ ചിതറുന്ന
കുളിർമണി മുത്തുകൾക്കെന്തു
ഭംഗി.
തൈമണി കാറ്റിന്റെ ഒപ്പമീ
പൂക്കുന്ന താഴവരത്തോപ്പിലും

കുളിർ ചൊരിഞ്ഞു.
പുഴ തൻറെ മരവിച്ച
കൈകളാൽ പുണരവേ
പുളകമായി മഴ വന്നു
മനമറിഞ്ഞു.

-- Riya Fathima



# ഫലിതങ്ങൾ


ആറിൽ അഞ്ചു പോയാൽ എന്ത് ലഭിക്കും?
6 -
5
------
അഞ്ചുവിന്റെ ശവം ലഭിക്കും. അവൾക്ക് നീന്താനറിയാത്തതാ
ഷമീർ മുഹമ്മദ്


ചേച്ചി , മോൾടെ മുടിക്കെന്തു പറ്റി എലി കരണ്ടോ ?
അല്ലെടീ, മോൾ മുടി സ്ട്രെയിറ്റ് ചെയ്യിച്ചതാ
മുഹമ്മദ് സൈഫുള്ള

# കാർമേഘം

മനം പോലെ മാനവും...
ഇരുളുന്നു വീണ്ടും..
പെയ്തൊഴിയൊഴിയുന്നില്ല
ഒരു തുള്ളിപ്പോലും ..
ഘനമേറെയാണതാനും
ആർത്തലച്ചു പെയ്യണം
ലഘുവായ് വീണ്ടും .....
വാനിലേക്കുണർന്നുയരാൻ
ഈ ചക്രമിതുപോൽ
തുടരുവാൻ ....



Fidha Fathima

# ചങ്ങാതി



ഓരോ കാഴ്ചയും
ഓരോ ഓർമയാകുന്നു
അപ്രതീക്ഷിതങ്ങളുടെ
ഒരു നട്ടുച്ചയിൽ
മിനാരങ്ങളുടെ
തണലിൽ വച്ച്
കൊഴിഞ്ഞു വീണ
കൊന്ന പൂക്കളിൽ
എനിക്കെന്റെ
ചെങ്ങാതിയെ കിട്ടുന്നു
ഞാനാരാണോ....
നീയാരാണോ....
ചോദിക്കാതെ
സൗഹൃതത്താൽ
കരൾ നിറഞ്ഞ്
വീണ്ടും കാണണമെന്ന്
സുനിശ്ചിതത്വത്തിൽ
പുൽതകിടി
വിട്ടിറങ്ങുന്നു.....

--Devikrishna

# നിലാവ്

നറു ചിരി വിതറാൻ ചിരിയൊളി
പകരാൻ വിരുന്നെത്തിയിന്നും
വഴിയേതെന്നറിയാതുഴലും
വിണ്ണിൽ നിന്നീ വെണ്ണിലാവ്
ഇരവിന്നിരുളിൽ നേരത്തെൻ
ചാരത്തായണയും
സഖിയേ ........ സഖിയേ
മണ്ണിന്നിരുളകലാൻ കണ്ണിൽ കാഴ്ചകൾ
തെളിയാൻ കനവിൽ നിറയും
നിനവിൽ കുളിരും കൂട്ടായണയും
നിലാ തൂവലഴകേ നിറനിലാ
കുടവുമായെന്നുമെൻ
അരികിലണയുമോ സഖിയേ..




--Fathimathul Farhana

# അമ്മ



ജീവിതം നയിക്കണം
സൂര്യനെ കണ്ടെത്തണം
ഒരു തോണിയായ് മാനത്ത്
നക്ഷത്ത്രങ്ങളെ പിടിക്കണം
ഒരു കാലത്തിൽ അമ്മയെ
നമസ്കരിക്കണം
പ്രവൃത്തികൊണ്ട് മാലയിടണം
നാണിച്ച കാലം നിന്നെ ഭയന്നിട്ടുന്നേ
സൂര്യൻ ശുദ്ധി വരുത്തിയ
നിന്റെ മനസ്സിൽ പതിഞ്ഞു എൻ മുഖം
വരികയായ് ചേച്ചിയും കൊച്ചനുജത്തിയും
കനിഞ്ഞനുഗ്രഹിക്കാൻ
ആഭരണം വെച്ചു പ്രാർത്ഥിച്ചു അമ്മ
മഴയുടെ നിറവിൽ സൂര്യൻ മങ്ങി
പ്രകൃതിയാകുന്ന അമ്മയ്ക്കെല്ലാം
മനസ്സിലായി

FATHIMA SAFNA EP



*Varunkumar V*

# MOTHER



I HAVE NO WORDS TO SAY ABOUT MY MOTHER

SHE IS MY SOUL...

NOBODY LOVES ME ABOVE THAT OF YOU
NOBODY CARES THAN YOU...

I KNOW YOU ARE LIVING FOR ME..

U HAVE COLOURFUL DREAM ONLY FOR ME

SOMETIMES I FEEL I AM THE LUCKIEST ONE IN THE WORLD

LIKE GOD ...YOU ARE GUIDING ME...LEADING ME..

MOTHER....I KNOW YOUR SACRIFIES..DEDICATION

I KNOW THAT YOU ARE FORGETING THE PAIN WHEN I GET REWARDS

I ASSURE YOUTHAT I WILL BECOME YOUR FOLLOWER....

I SHOULD STUDY YOUR HEART FELT LOVE..

TRY TO SPREAD IT TO THE NEEDY ONE

AND MAKE THIS WORLD BETTER


--- Abhishnu Reji

# THE STRANGER

When did you become
a Stranger to me?
The Stranger whom I used
to know the Most,
The Stranger whose secrets
are forever buried in Me,
The Stranger who was
My Home,
The Stranger who told,
"I'm Incomplete without
You",
The Stranger whose
face cannot be forgetten
as others,
The Stranger whom I
loved the Most,
The Stranger whom I
loved to spend My time with.
A Completed Stranger
who's living his life at
it's fullest without the
so called 'part which
makes him Complete'
We're two total Strangers
who know Everything
about each other....
It's Dangerous how I
want all those 'used to'
to be removed and
those 'was'es and 'were'es
to be replaced by 'is'es and 'are'es.
But still, the broken glass
can't be the fine one
No matter how hard
we try to fix it...



---ANUSHNA AJEESH



*Varunkumar V*

# English Idioms

*

Barrel of laugh: someone who is very funny
* Old as the hills:some who is very old
* In the doghouse: To have some unhappy with you
* Up for grabs: Available for
* Oddball: anyone
* Split hairs: Argue or worry ;
Knee
about small details
Round the bend:
Crazy, insane concur,
See eye to eye: To agree
* Break a leg: Good luck
* Ball is in your court:
It is up to next decision
going well so far
* Down-To-Earth: sensible and
you to make the or step
* Barking up the wrong tree:
Looking in the wrong place. too curious
* Be glad to see the back of: Be
happy when a person leaves.
Against The Clock: Rushed
and short on time.

* Don't judge a book by its
cover: Don't judge something
primarily by its appearance.
Thanks to: Due to
* Ball is in your court: It is up to
you to make the next decision
or step
Blind
date:
A datewhere the
two people have never met before
* Get along with:
To have a good
relationship with someone
* Kick The Bucket:
Die
a weirdo
or a strange person
* Jerk Reaction: A quick
and automatic response
* Hang in there:Don't give up
* Pull yourself down
together: Calm

--- Adhiya Parvathy

# Computer

***Computers in education are used to provide Audio-Visual learning, research, online learning, maintain records, make documents, and learn new evolving technology.***

***Computer technology is useful in education in a variety of ways. It can be used to: Provide students with access to information and resources: The internet provides students with access to a vast amount of information and resources, including articles, books, videos, images, and interactive learning tools.***

--Aryanandha Pramod



# കള്ളിച്ചെടിയും റോസ്ചെടിയും



മനോഹരമായ പൂന്തോട്ടത്തിൽ ഒരു റോസ്ചെടി ഉണ്ടായിരുന്നു. വിരിഞ്ഞു നിൽക്കുന്ന മനോഹരമായ റോസാപ്പൂക്കൾ അതിനു സൗന്ദര്യം നൽകി. റോസ് ചെടിയുടെ തൊട്ടടുത്ത് ഒരു കള്ളിച്ചെടിയും ഉണ്ടായിരുന്നു. ഒട്ടും സൗന്ദര്യം ഇല്ലാത്ത, പൂക്കൾ വിരിയാത്ത കള്ളിച്ചെടിയെ റോസ് ചെടിക്ക് ഇഷ്ടമായിരുന്നില്ല.

എല്ലാദിവസവും റോസ് ചെടി കള്ളിച്ചെടിയെ നോക്കി അഹങ്കരിക്കുകയും നിനക്ക് ഒട്ടും സൗന്ദര്യം ഇല്ലെന്നു പറഞ്ഞു കളിയാക്കുകയും ചെയ്യുമായിരുന്നു. ഇതെല്ലാം കേട്ട്, കള്ളിച്ചെടി ഒന്നും മിണ്ടാതെ പുഞ്ചിരിയോടെ റോസാപ്പൂവിനെ നോക്കി നിൽക്കും.

പൂന്തോട്ടത്തിലെ മറ്റെല്ലാ ചെടികളും കള്ളിച്ചെടിയെ പരിഹസിക്കുന്നതിൽ നിന്ന് റോസ് ചെടിയെ പിന്തിരിപ്പിക്കാൻ ശ്രമിച്ചു. പക്ഷേ ,അവൾ അനുസരിച്ചില്ല .തന്റെ സൗന്ദര്യത്തിൽ മതിമറന്ന് കാറ്റിൽ അവൾ അങ്ങോട്ടുമിങ്ങോട്ടും നൃത്തം ചെയ്തു.

വേനൽ കാലം വന്നപ്പോൾ തോട്ടത്തിലെ കിണർ വറ്റി ചെടികൾക്ക് വെള്ളമില്ലാതായി. റോസാപ്പൂക്കൾ പതിയെ വാടാൻ തുടങ്ങി. തന്റെ സൗന്ദര്യം എല്ലാം നഷ്ടപ്പെട്ടപ്പോൾ റോസാച്ചെടിക്ക് സങ്കടമായി. അപ്പോഴാണ് ഒരു കുരുവി കള്ളിച്ചെടിയിൽ നിന്ന് തന്റെ കൊക്ക് കൊണ്ട് വെള്ളം കുടിക്കുന്നത് റോസാപ്പൂ കണ്ടത്. ഇത്രയും കാലം കള്ളിച്ചെടിയെ കളിയാക്കിയതിനാൽ റോസാപ്പൂവിനു ലജ്ജ തോന്നി.

ദാഹം സഹിക്കാൻ വയ്യാതായപ്പോൾ റോസ് ചെടി കള്ളിച്ചെടിയോട് 'അല്പം വെള്ളം തരുമോ 'എന്ന് ചോദിച്ചു. ദയയുള്ള കള്ളിച്ചെടി സമ്മതിച്ചു. ഇനി ഞാൻ അഹങ്കരിക്കില്ലെന്നും ആരെയും പരിഹസിക്കില്ലെന്നും റോസ് ചെടി എല്ലാവർക്കും ഉറപ്പ് നൽകി. അവരെല്ലാവരും നല്ല സുഹൃത്തുക്കളായി പൂന്തോട്ടത്തിൽ വളർന്നു

--Della Treesa



Rana Fathima



# വിഢിയായ കഴുത



പലതരത്തിലുള്ള സാധനങ്ങൾ വാങ്ങി വിൽപ്പന നടത്തുന്ന ഒരു കച്ചവടക്കാരനായിരുന്നു വിക്രം. സാധനങ്ങൾ വലിച്ചുകൊണ്ടുപോകുവാൻ അയാൾക്ക് ഒരു കഴുതയുണ്ടായിരുന്നു ഒരു നദി കുറുകെ കടന്നാണ് അവർ പട്ടണത്തിലേക്ക് പോയിക്കൊണ്ടിരുന്നത്. ചന്തയിൽ പോകുമ്പോൾ എല്ലാ ദിവസവും വിക്രം തന്റെ കഴുതയെ നദിയിൽ കുളിപ്പിക്കുമായിരുന്നു.


അത് ധാരാളം ഉപ്പ് ലഭ്യമായിരുന്നു ഒരു വേനൽക്കാലം ആയിരുന്നു. ഒരു ചാക്ക് ഉപ്പ് ചന്തയിൽ നിന്നും വാങ്ങി കഴുതപ്പുറത്ത് വച്ചിട്ട് വിക്രം പറഞ്ഞു. " നമുക്ക് പോകാം, വേഗം നടക്ക്, നേരത്തെ വീട്ടിൽ എത്തേണ്ടതുണ്ട് ".നദി കൂടുതൽ കടക്കുമ്പോൾ കാല് കഴുത താഴെ വീണു. ചാക്ക് വെള്ളത്തിൽ നനഞ്ഞു കുതിർന്നു. എന്ത് സംഭവിച്ചെന്ന് നിങ്ങൾക്ക് മനസ്സിലായോ?


ചാക്കിനുള്ളിൽ ഉണ്ടായിരുന്നു നനഞ്ഞ് അലിഞ്ഞില്ലാതായി. വിധം ചാടിയെഴുന്നേറ്റ കഴുതയ്ക്ക് മനസ്സിലായി താൻ വഹിച്ചിരുന്ന ഭാരം ഗണ്യമായി കുറഞ്ഞിരിക്കുന്നു. അടുത്തദിവസം വിക്രം ഭാരം തന്നെ പുറത്ത് കയറ്റി വയ്ക്കുമ്പോൾ കഴുത ചിന്തിച്ചു. " ഞാൻ വെള്ളത്തിൽ ഒന്ന് വീണാൽ മതി ഭാരം കുറഞ്ഞു കിട്ടും." അവൻ ആ നാടകം തന്നെ കളിച്ചു. കുറേ ദിവസങ്ങൾ കൊണ്ടാണ് വിക്രമിന് യാഥാർത്ഥ്യം മനസ്സിലായത്. കഴുതയെ ഒരു പാഠം പഠിപ്പിക്കുവാൻ തന്നെ വിക്രം തീരുമാനിച്ചു. കാലാവസ്ഥ മാറി വിളവെടുപ്പ് കാലം എത്തി. പഞ്ഞി ധാരാളം ലഭ്യമായി തുടങ്ങി. വിക്രം ചിന്തിച്ചു." ഇവനെ ഒരു പാഠം പഠിപ്പിക്കുവാൻ പറ്റിയ സമയം" ഒരു ചാക്ക് നിറയെ പഞ്ഞി വിക്രം കഴുതയുടെ മേൽ കയറ്റിവെച്ച് തന്റെ ഗ്രാമത്തിലേക്ക് മടങ്ങി. നദിക്കരയിൽ എത്തുമ്പോൾ കഴുതയുടെ ചിന്ത ഇങ്ങനെ പോയി "എന്താ കഥ! യജമാനൻ തീരെ ചെറിയ ഭാരമാണ് ഇന്ന് എന്റെ മേൽ കയറ്റി വെച്ചിരിക്കുന്നത്. എന്റെ പതിവ് കഴിയുമ്പോൾ ഇത് തീർത്തും ഇല്ലാതാകുമല്ലോ! വർദ്ധിച്ച സന്തോഷത്തോടെ കഴുത തന്റെ പതിവ് പരിപാടി നടത്തി. എന്നാൽ എഴുന്നേൽക്കാൻ ശ്രമിച്ചപ്പോൾ കഴുതയ്ക്ക് മനസ്സിലായി തനിക്ക് നിൽക്കുവാൻ പോലുമുള്ള ശക്തിയില്ലെന്ന്.ഭാരം ഇരട്ടിയിലധികം ആയിരിക്കുന്നു. എന്തു ചെയ്യാം?എല്ലാം തന്റെ കയ്യിലിരിപ്പ് കൊണ്ടാണെന്ന് അവന് മനസ്സിലായി. അതിനുശേഷം എത്രവലിയ ഭാരമാണെങ്കിലും വഹിച്ചുകൊണ്ടുപോകുവാൻ അവൻ മടി കാണിച്ചിട്ടില്ല.

**ഗുണപാഠം: മടിയൻ മല ചുമക്കും**

---Salman Faris

# മഹാന്മാർ










-- *Varunkumar V*

# അമ്മ

മറക്കില്ലമ്മേ നിൻ മടിത്തട്ടിൽ കിടന്നതും മയക്കം വരുവോളം നീ തന്ന താരാട്ടും നന്മതൻ

പാത എനിക്കായ് ഒരുക്കിയതും നേരിന്റെ

വെളിച്ചം കണ്ണിൽ പകർന്നതും..

ഉരുള ചോറിനായി വയറു വിശന്നതും ഞാനുണ്ട ചോറത്രയും നിന്റെ വിയർപ്പാണെന്നതും...

കാലത്തിനൊപ്പം വളർന്നുഞാനമ്മേ വെട്ടിപ്പിടിച്ചും കുതിനോവിച്ചും ജീവിച്ചുഞാൻ മറന്നു

ഞാൻ ആ മടിത്തട്ടിലെ സ്നേഹവും

താരാട്ടും കരുണാർദ്രമാം നിൻ്റെ മിഴികളും.



Della Treesa

# വീട്



ചില നേരങ്ങളിൽ
വീടു നിശബ്ദമാകും

വാക്കിന്റെ വാതിലുകളെല്ലാം
കൊട്ടിയടച്ച്
പകൽവെളിച്ചം കയറാത്ത
ഇരുൾമുറികളിലേയ്ക്ക്
അത് പിൻവാങ്ങും
ഊർന്നു വീഴുന്ന
നേർത്ത വെളിച്ചങ്ങളെപ്പോലും
മറയ്ക്കാൻ വേണ്ടി
ജലകത്തിരശ്ശീ ലകൾ
നിവർത്തിയിടും
താക്കോൽ പഴുതിലൂടെ
കിനിഞ്ഞിറങ്ങുന്ന
ശബ്ദങ്ങളെ
പ്രതിരോധിയ്ക്കാൻ
തുണി തിരുകി വയ്ക്കും
തലയിണയിൽ
മുഖം ചേർത്ത്
അറിയാതെ തേങ്ങും
എപ്പോഴും ചിലയ്ക്കുന്ന
കുട്ടികളെപ്പോലും
അടുപ്പിയ്ക്കില്ല
വൈകിയെത്തുന്
ഗൃഹനാഥൻ
ഈ വീട് എന്താണിങ്ങനെ
നിശബ്ദമെന്ന്
ചോദിയ്ക്കുമ്പോഴും
അവർ
ചുണ്ടിൽ വിരൽ വയ്ച്ച്
നിശബ്ദമാകാൻ ഉപദേശിയ്ക്കും

കിളിപ്പാട്ടുകൾ പോലും
എത്തിനോക്കാതെ
പറന്നുപോകും
മഴ നനഞ്ഞെത്തുന്ന
കാറ്റുകളെപ്പോലും
ആരും ഉള്ളിൽ പ്രവേശിപ്പിയ്ക്കില്ല
കനലിന്റെ ശൗര്യങ്ങളെല്ലാം
തിരിച്ചെടുത്ത്
അടുപ്പും മൗനം വരിക്കും
കറിഞ്ഞിപ്പൂച്ച വെളുക്കും വരെ
കറുകാതെ
വെളിയിൽ കറങ്ങി നടക്കും
എപ്പൊഴോ
ചീർത്ത കണ്ണുകളുമായി
വീട് തനിയേ
വാതിൽ തുറക്കും
നഷ്ടപ്പെട്ടുപോയ
ശബ്ദങ്ങൾ പതിയെ
പടി കയറി വരും
കാറ്റുകൾ ജനൽ വിരികൾ
വകഞ്ഞുമാറ്റി
കുശലം ചോദിയ്ക്കും
മഴയുടെ ചുണ്ടുകൾ വീണ്ടും
ചുവരുകളെ
ശബ്ദത്തോടെ
ഉമ്മ വയ്ക്കും
വെയിൽ നാളങ്ങൾ
വാതിൽ വിടവുകൾക്കിടയിലൂടെ
വിരൽ നീട്ടും
പക്ഷിപ്പാട്ടുകൾ
മരച്ചില്ലകളിലേയ്ക്ക്
തിരിച്ചുവരും
വീട്
വീണ്ടും വീടാകും

Fathima Safna

# പൂക്കൾ





വിണ്ണിലെപ്പൊൻതാരകൾ
മണ്ണിൽവീണതു പോലെയാ
മുറ്റത്തെ കിളിമാവിലല്ലോ
മുല്ലമൊട്ടിൻ പുഞ്ചിരി

രാഗദേവനദിച്ചുയരാൻ
കാത്തിരിക്കും കാമിനി
ദേവസുന്ദരി പോലെയല്ലോ
ദീപമായ് പാരിജാതവും

അതിരുതോറും കഥ പറഞ്ഞാ
അഞ്ചിതൾപ്പൂ ചെമ്പരത്തി
അന്നുമിന്നും കന്യയായി
കാത്തിരിപ്പുവതാരെയോ ?

കാതിലോലക്കമ്മലായി
സൂര്യകാന്തിപ്പൈതലായ്
പാതയോരമടക്കിയവളാ
അമ്മിണിപ്പൂ സുന്ദരീ

സുഗന്ധമേറും രാജ്ഞിയായി
പിച്ചകപ്പൂ മലരുകൾ
തളിരിലക്കൈത്തുമ്പിലായ്
 ഇതൾ വിടർത്തിവിളിച്ചുവോ ?

രക്തമല്ലികയെന്നു നാമം
ചേർത്തുവച്ചൊരു സുന്ദരി
വാടുകില്ലദിനങ്ങളേറെ
നിത്യ യൗവന രാഗിണി

ഒരുമയോടവർ കുഞ്ഞുപൂക്കൾ
ഒന്നു ചേർന്നൊരു കൂട്ടിലായ്
ചെത്തി പൂത്തൊരുചേലുകണ്ടാൽ
നേത്രസുഖമതി സുന്ദരം

കണ്ടിരിക്കാം ചെണ്ടിലായ്
ചുണ്ടിലോളച്ചിരിയുമായ്
പണ്ടു കണ്ടു മറന്നൊരാ
ചെണ്ടുമല്ലിപ്പൂവിനെ

അരളി , ചെമ്പക മലരുകൾ
അരികിലെത്തും വണ്ടുകൾ
പഴമ കാക്കും പൂക്കളല്ലോ
വനികളിൽ നിറകതിരുപോൽ

പുതുമയോടിന്നോർക്കിഡും
പലനിറങ്ങളിൽ വന്നിതാ
പനിനീർ ചുരത്തും പൂവിനിന്നും
പകരമാകില്ലൊന്നുമേ ....

Dhiya Ann Reji

# പ്രമുഖ നടന്മാർ









*Varunkumar V*

# ഞാൻ

ഇന്നലെപ്പാതിരാവിൽച്ചിന്നിയ പുനിലാവിൽ എന്നെയും മറന്നുഞാനലിഞ്ഞുനിൽക്കേ

താനേ ഞാനറക്കനെപ്പൊട്ടിക്കരഞ്ഞുപോയി താരകവ്യൂഹം പെട്ടെന്നലഞ്ഞുപോയി!

കാരണം ചോദിച്ചില്ല പാതിരാക്കിളിപോലും കാറ്റെൻ വിയർപ്പുതുള്ളി തുടച്ചുമില്ല

ചാരത്തെ മരമൊറ്റപ്പാഴില പൊഴിച്ചില്ല പാരിടം കഥയൊന്നുമറിഞ്ഞുമില്ല

കാലടിച്ചുവട്ടിലെപ്പുല്ലും കുലുങ്ങിലെന്നാൽ കാര്യം ഞാനൊരാളോടും
പറഞ്ഞുമില്ല!

എന്തെന്നെനിക്കുപോലും ചിന്തിക്കാൻ കഴിയാത്ത-
തെമ്മട്ടിലപരനോടുണർത്തിടാവു

----Ananya

# *കാറ്റ്*

മുല്ലപ്പൂ തല്ലിക്കൊഴിച്ച കാറ്റേ
കള്ളനെ പോലെ മറഞ്ഞ കാറ്റേ
നിൻ മുഖം കാണുവാനെത്ര നാളായി
ഉമ്മറത്തിണ്ണയിൽ ഞാനിരിപ്പൂ
എങ്ങുമേ കാണുവാനില്ല പക്ഷേ
ഉമ്മ വെയ്ക്കുന്നു നീ എൻ കവിളിൽ
ഒന്നെന്റെ കൺമുന്നിൽ വന്നു കൂടെ
ഒന്നിച്ചൊരല്പം കളിച്ചു കൂടെ
മുല്ലപ്പൂതല്ലി ക്കോഴിച്ച കാറ്റേ
കള്ളനെ പോലെ മറഞ്ഞ കാറ്റേ
നിൻ മുഖം കാണുവാൻ എത്ര നാളായി
ഉമ്മറത്തിണ്ണയിൽ ഞാനിരിപ്പൂ
എങ്ങുമെ കാണുവാനില്ല പക്ഷേ
ഉമ്മ വയ്ക്കുന്നു നീയെൻ കവിളിൽ
ഒന്നെന്റെ കൺമുന്നിൽ വന്നു കൂടെ
ഒന്നിച്ചൊരല്പം കളിച്ചു കൂടെ.



----Krishnamrutha




Varunkumar V



# വേനൽ മഴ

പെയ്യുന്ന മഴയുടെ കഥയാണിത്. ഒരു ഇലയായി മാറി വീണ്ടും വീഴാൻ അതു ഒരു വേനൽക്കാല രഹസ്യമാണ്. വെളിച്ചം മോഷ്ടിച്ചു ഒരു പുഷ്പത്തിൽ മറയ്ക്കാൻ ഓരോ പൂവും ഒരു ചെറിയ പോഷകനദിയാണ്. ഭൂമിയിൽ നിന്ന് പച്ചയും ക്ഷണികവും ഒഴുകുന്നു. ജലത്തിന്റെ ആഗ്രഹങ്ങളിൽ ഒന്നാണ് ഈ കഥ. എന്റെ  ലഘുചിത്രത്തേക്കാൾ ചെറുതായി ഒരു വിത്ത് തലയിൽ തൂക്കിയിരുന്നു.

എനിക്ക് ഒരു വഴിയാത്രകാരന് മാത്രമേ കടന്നു പോകാൻ കഴിയു. പുല്ലിന്റെ ഒരു തൂവാലയിലൂടെ വെള്ളം പോലെ വ്യക്തമാണ് നറുങ്ങിൽ മറഞ്ഞിരിക്കുന്ന സൂര്യപ്രകഷം കണ്ടെത്താൻ വിത്തിലേക്ക് തിരിയുന്നു.

ക്ഷമയുടെ വെളിച്ചതിനെതിരായ പ്രത്യാശയുടെ ഭാരം വളരെ അസംസ്കൃതമായ വെള്ളം വളരെ ശക്തമാണ്. എന്റെ നാവിലേക്കു ഗുരുവാഹകാർശനത്തിനു കീഴിൽ വരച്ചു ഈ പാട്ടിന്റെ വരികൾ പോലും.തണുപ്പിക്കാനും പൂരിപ്പിക്കാനും മഴപെയ്യുന്നതിന്റെ കഥയാണിത്.

അത് വെള്ളിച്ചത്തിലേക്കു ഉയർന്ന് വീണ്ടും വീഴുന്നു....

---Sanha Fathima



# മഴനൂൽക്കിനാവുകൾ

മധുരമീ പുതുമഴ
 പുലരിയെ പുൽകുന്ന
പൂമഴ തേൻമഴ
 കുളിർമഴയായി
 കുന്നുകുന്നെ ഉതിരുന്ന
 തൂമഴ തുള്ളികൾ
 തളിരിലും
പൂവിലും മുത്തമിട്ടു.
പൊള്ളുന്ന രാവിന്റെ
 നെറുകയിൽ ചിതറുന്ന
 കുളിർമണി മുത്തുകൾക്കെന്നു
ഭംഗി. തൈമണികാറ്റിന്റെയൊപ്പമീ
പൂക്കുന്ന
 താഴ്വരത്തോപ്പിലും കുളിർ
 ചൊരിഞ്ഞു.
പുഴ തന്റെ മരവിച്ച
 കൈകളാൽ പുണരവേ
 പുളകമായി
 മഴ വന്നു മനമറിഞ്ഞു.
മഴ തന്റെ താളമായി
 ഹൃത്തിലും
മുഗ്ദ്ധമായി പൊഴിയുന്ന
 കവിതയായി പെയ്തിറങ്ങി.

---Devika Ranjith



# പൊൻപുലരി

പുലരിയിൽ
പൊൻകതിരു
തൂവിയെത്തും സൂര്യൻ
ഉണരും നേരം അപ്പോൾ പാരിൽ
പുത്തനുണർവിൻ ചൈതന്യം മെങ്ങും
കാണാനായി വന്നു ഉഷസ്സിൻ നൈർ മല്യം
ഏറ്റുവാങ്ങാൻ
കുസുമങ്ങളും
കരിവണ്ടുകളും
തൻ കളകളം
നെ വരവേൽക്കും
സൗരഭ്യം തൂവും
ഉഷസ്സിനെ
പൂച്ചെണ്ടുകളായ

കൺതുറക്കും ചെറു
കൊതിയോടെ പാറും
കാണായ് കിളികൾ
പൂജനങ്ങൾ ഉഷസ്സി
ഗീതമായി പുതു
കുസുകങ്ങൾ
വരവേൽക്കും

Malavika. k.s



# കൃഷിക്കാരനും മകളും

ഒരിക്കൽ ഒരിടത്ത് ധനി കനായ ഒരു കൃഷിക്കാരൻ ജീവിച്ചിരുന്നു അയാൾക്ക് മൂന്ന് മക്കൾ ഉണ്ടായിരുന്നു തനിക്ക് ഇനി അധികകാലം ഇല്ലന്ന് മനസിലാക്കിയ കൃഷിക്കാരൻ തന്റെ മക്കളെ അടുത്തേക്ക് വിളിപ്പിച്ചു മക്കളെ കൃഷിക്കാരൻ പറഞ്ഞു എനിക്ക് നിങ്ങളോട് ഒരു കാര്യം പറയാൻ ഉണ്ട് നമ്മുടെ പൂർവികർ മുതൽ കൈമാറി വരുന്ന ഭൂമിയാണിതെല്ലാം അതെന്നും നിങ്ങൾ വിൽക്കരുത് അതിൽ ഏതോ ഒരു സ്ഥലത്ത് നിധിയുണ്ട് പക്ഷെ ശരിക്കുമുള്ള സ്ഥലം ഏതാണെന്ന് എനിക്കറിയില്ല തീർച്ചയായും അത് എവിടെയോ ഉണ്ട് നിങ്ങൾ നിധി അന്നേഷി ക്കുമ്പോൾ ഒരു കാര്യം ശ്രദ്ധിക്കണം ഒരു സ്ഥലവും നശിപ്പിക്കരുത് ഇത്രയും പറഞ്ഞു കർഷകൻ മരിച്ചു അതികം താമസിക്കാതെ മക്കൾ നിധിക്കായി പുറപ്പെട്ടു എല്ലാവരും കൂടി വയലെല്ലാം കിളച്ചുനോക്കാൻ തീരുമാനിച്ചു ഒരു സ്ഥലം പോലും വിടാതെ അവർ എല്ലായിടത്തും കിളച്ചു മറിച്ചു അങ്ങനെ രണ്ട് മൂന്നു തവണ വയൽ കിളച്ചു മറിച്ചു ഇത്രയേറെ അദ്ധ്വാനിച്ചിട്ടും അവർക്ക് ഒരു നിധി പോലും കണ്ടെടുക്കാൻ കഴിഞ്ഞില്ല പിന്നീട് അവർ തങ്ങൾ കഠിനധ്വാനം ചെയ്തു കൃഷി സ്ഥലം ധാന്യങ്ങൾ വിതച്ചു വിളവെടുപ്പ് കഴിഞ്ഞപ്പോൾ അവർക്കെല്ലാം കണക്കുകളും തീർത്തു കഴിഞ്ഞിട്ടും ലാഭമായി ധാരാളം പണം ലഭിച്ചു ആ നാട്ടിൽ ആർക്കും ലഭികാത്ത അത്രയും പണമാണ് ലഭിച്ചത് അവർക്കപ്പൊഴാണ് മനസ്സിലായത് തങ്ങളുടെ പിതാവ് പറഞ്ഞ നിധിയെന്താണെന്ന് അധ്വാനത്തിന്റ ഫലമായി ലഭിച്ച അതി ശക്തമായ വിളവ് അവരുടെ കൃഷി സ്ഥലത്ത് നിന്ന് തന്നെ അവർക്ക് നിധി കണ്ടെടുക്കുവാൻ കഴിഞ്ഞു.

Salman Faris

## THE BEAUTIFUL NATURE

The nature was very beautiful
In the nature all things are very beautiful
Nature contains water, trees, flowers
This was very beautiful
Nature examples are tree, rivers, flowers all the examples
At the night the nature was very beautiful
Nature is the symbol of love
Night moon and sky and was beautiful
The cool wind was touch the body
Moon shining and beautiful
The morning nature as full fog
The clouds like a pillow
Very sweet memories in the nature
The morning sun was reddish colour
The river was float away in the side of the hills was
covered with green colour and fog
Some times rainbow seen in the sky
The stars was twinkling in the sky
At the sky was blue coloured and the
moon was white coloured and stars
was yellow coloured
Very beautiful nature

Arya. P. R.



# THE GREAT GAURDIANS

The sun has been disappeared
The darkness has arriving
Everywhere became silent
But some sounds are coming from far
Look around
we saw some of them are standing with weapons
At that time a question had occurred in my mind
Why they are not sleeping ?
And I realise it
they are not standing for them they are standing and working for us
Who are they?
' OUR GAURDIANS '
who are fighting for our motherland
We don't need to fear
because our brothers are fighting for us in difficult conditions
They fight till their death
They are standing, fighting because of one emotion that is INDIA



ALBIN


Varunkumar V

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിൽ നടപ്പിലാക്കുന്ന ഹൈടെക് പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് വിവര വിനിമയ സാങ്കേതിക വിദ്യയിയിൽ കൂടുതൽ പരിശീലനം നൽകി വിദ്യാർത്ഥികളെ സജ്ജരാക്കുന്നതിനായി ആവിഷ്ക്കരിച്ച പദ്ധതിയാണ് 'ലിറ്റിൽ കൈറ്റ്സ്' . ഇതിന്റെ നടത്തിപ്പ് ചുമതല കൈറ്റ് (കേരള ഇൻഫ്രാസ്റ്റ്സർ ആൻഡ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ) ന് ആണ്.

വിദ്യാർത്ഥികളെ വിവര വിനിമയ സാങ്കേതിക വിദ്യയിൽ കൂടുതൽ പ്രഗൽഭരാക്കുക എന്ന ലക്ഷ്യത്തോടെ അധ്യാപകരായ ശ്രീമതി സ്വപ്ന ജെയിംസ്, ഐ. ടി. കോർഡിനേറ്റർ ശ്രീ. ബിജു കെ.ജെ, സൻസി പി. ജെ എന്നിവരുടെ നേതൃത്വത്തിൽ ഫാ. ജി.കെ.എം. ഹൈസ്കൂളിൽ നാല്പത് അംഗങ്ങൾ വീതമുള്ള എട്ട്, ഒൻപത്, പത്ത് എന്നീ മൂന്ന് ബാച്ചുകളിലായി ലിറ്റിൽ കൈറ്റ്സ് പ്രവർത്തിക്കുന്നു.


സ്വപ്ന ജയിംസ്


ബിജു കെ.ജെ


സൻസി പി.ജെ








# നന്ദി